പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4299 — 24.06.2019 ൽ മറുപടിയ്ക്ക്

**ആരക്കുഴ ഗവൺമെന്റ് ഐ.ടി.ഐ**

ചോദ്യം — ഉത്തരം

ശ്രീ.എൽദോ എബ്രഹാം : — ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) മൂവാറ്റുപുഴ നിയോജക മണ്ഡലത്തിലെ ആരക്കുഴ ഗവൺമെന്റ് ഐ.ടി.ഐ.യിൽ നിലവിൽ എത്ര ട്രേഡുകളാണ് ഉള്ളതെന്നും അവ ഏതൊക്കെയാണെന്നും അറിയിക്കാമോ; | (എ) ആരക്കുഴ ഐ.ടി.ഐ.യിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, പ്ലംബർ എന്നീ രണ്ട് ട്രേഡുകൾ ആണ് നിലവിലുള്ളത്. |
| (ബി) പ്രസ്തുത ഐ.ടി.ഐ..യിൽ നിലവിലുള്ള സൗകര്യങ്ങൾ ഏതൊക്കെയാണെന്നും അവിടെ ചെയ്തുവരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ;<br><br>(സി) പുതിയ കെട്ടിടനിർമ്മാണത്തിനായി തൊഴിലും നൈപുണ്യവും വകുപ്പ് അനുവദിച്ച തുക എത്രയെന്നും ടി കെട്ടിടനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരവും ലഭ്യമാക്കാമോ? | (ബി) & (സി) നിലവിൽ ആരക്കുഴ പഞ്ചായത്ത് വക കെട്ടിടത്തിൽ രണ്ട് ട്രേഡുകളിലായി 84 ട്രെയിനികൾക്ക് പരിശീലനം നൽകി വരുന്നു. ഐ.ടി.ഐ കെട്ടിട നിർമ്മാണത്തിനായി കൈമാറി നൽകിയിട്ടുള്ള സ്ഥലത്ത് മൂന്നു ഘട്ടമായിട്ടാണ് ഐ.ടി.ഐയുടെ നിർമ്മാണം നടക്കുന്നത്. ഒന്നാം ഘട്ട പ്രവർത്തനങ്ങൾക്കായി 3.16 കോടി രൂപ അനുവദിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് 80% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഒന്നാം ഘട്ട പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനായി 75 ലക്ഷം രൂപ കൂടി ആവശ്യമായതിനാൽ ആയതിനുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. രണ്ടാം ഘട്ട നിർമ്മാണ പ്രവൃത്തികളായ ചുറ്റുമതിൽ നിർമ്മാണവും ഭൂമി നിരപ്പാക്കലും നടത്തുന്നതിന് ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ പാലക്കുഴ വില്ലേജിൽ ഉൾപ്പെട്ട സ്ഥലത്ത് വഴി തർക്കവുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരം നിലവിലുള്ളതിനാൽ നിർമ്മാണപ്രവർത്തനങ്ങൾ തടസ്സപ്പെട്ടു. ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മൂന്നാം ഘട്ട നിർമ്മാണ പ്രവൃത്തിയായ രണ്ടാം നിലയുടെ ജോലികൾ നടത്തുന്നതിലേക്കായി 2.66 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തി അടിയന്തിരമായി തുടങ്ങുന്നതിനുള്ള നിർദ്ദേശം പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ